(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള പ്ലസ്-ടു സ്കൂളുകളിൽ ജ്യോഗ്രഫി, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിൽ അദ്ധ്യാപക നിയമനത്തിനായി ഈ അദ്ധ്യയന വർഷത്തിൽ ഇന്റർവ്യൂ നടത്തിയത് എന്നായിരുന്നു ;

(ബി) ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ രണ്ട് വിഷയങ്ങളിലും അദ്ധ്യാപക നിയമനത്തിന് തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(സി) ഈ റാങ്ക്‌ലിസ്റ്റുകളിൽ നിന്നും എത്രപേരെ വീതം നിയമിച്ചിട്ടുണ്ട് ;

(ഡി) നിയമനം നടത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) മേൽപ്പറഞ്ഞ വിഷയങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ജ്യോഗ്രഫി വിഷയത്തിന് 3-11-2000-ലും കമ്പ്യൂട്ടർ സയൻസിന് 2-11-2000 ലും തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇന്റർവ്യൂ നടത്തിയിട്ടുണ്ട്.

(ബി,സി&ഡി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും, സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല.

(ഇ) ജ്യോഗ്രഫിക്ക് ഒന്നും കമ്പ്യൂട്ടർ സയൻസിന് നാലും ഒഴിവുകൾ നിലവിലുണ്ടെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി**

**43 (846)** ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വില്ലേജ് ഓഫീസുകളിലേയും താലൂക്ക് ഓഫീസുകളിലേയും പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; അവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-7-98 മുതൽ റവന്യൂ ബോർഡ് നിറുത്തലാക്കി. റവന്യൂബോർഡ് അംഗത്തിൽ നിക്ഷിപ്തമായിരുന്ന അധികാരം കമ്മീഷണറിൽ നിക്ഷിപ്തമായി. റവന്യൂവകുപ്പ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ ജോലിഭാരം കുറഞ്ഞ ഓഫീസുകൾ നിറുത്തലാക്കുകയും, ഉദ്യോഗസ്ഥന്മാരെ ജോലിഭാരം അധികമായിട്ടുള്ളതും, ജീവനക്കാർ കുറവുള്ളതുമായ ഓഫീസുകളിൽ പൊതു ജനങ്ങൾക്ക് ഉപകാരപ്രദമായരീതിയിൽ പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തഹസീൽദാർമാരുടെ അധികാരത്തിലുണ്ടായിരുന്ന ലാന്റ് അക്വിസിഷൻ, ഭൂപരിഷ്കരണ ജോലികൾ, ഭൂസംരക്ഷണം, വില്ലേജാഫീസ് ആഡിറ്റിംഗ് തുടങ്ങി 29-ൽപരം അധികാരങ്ങൾ അഡീഷണൽ തഹസീൽദാർമാർക്ക് കൈമാറിയിട്ടുണ്ട്. ഫർക്ക റവന്യൂ ഇൻസ്പെക്ടർ തസ്തിക നിറുത്തലാക്കിക്കൊണ്ട് വില്ലേജാഫീസിനും താലൂക്കാഫീസിനും ഇടയ്ക്കുള്ള ഒരു തട്ട് ഒഴിവാക്കി കാലതാമസം കുറച്ചിട്ടുണ്ട്. താലൂക്കാഫീസുകളിൽ കൂടുതലായി ജീവനക്കാരെ പുനർവിന്യസിച്ചതുകൊണ്ട് ഫയലുകളിൽ കാലതാമസം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസിലും കൂടുതൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. റവന്യൂ റിക്കവറിക്ക് കൂടുതൽ ഓഫീസുകൾ അനുവദിച്ചുകൊണ്ട് റവന്യൂ കളക്ഷനിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. റവന്യൂ ഉദ്യോഗസ്ഥന്മാരുടെ അഴിമതി കണ്ടുപിടിക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമായി സംസ്ഥാനത്ത് രണ്ട് വിജിലൻസ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ഓഫീസ് പരിശോധന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലാന്റ് റവന്യൂ കമ്മിഷണറേറ്റിലും എല്ലാ ജില്ലാ കളക്ടറേറ്റുകളിലും പരിശോധന വിഭാഗത്തിന് രൂപം നൽകി പ്രവർത്തിച്ചുവരുന്നു. റവന്യൂ ഉദ്യോഗസ്ഥതലത്തിലുള്ള അഴിമതികൾ കണ്ടുപിടിക്കുന്നതിനും ഓഫീസ് പരിശോധനകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി റവന്യൂ കമ്മീഷണറേറ്റിലും കളക്ടറേറ്റുകളിലും പ്രത്യേകമായി ആഡിറ്റ് വിഭാഗവും, കോടതി കേസുകളിൽ സമയോചിതമായ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ താൽപ്പര്യം യഥാവിധി സംരക്ഷിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനായി വ്യവഹാര വിഭാഗവും രൂപീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽ തീർപ്പാകാതെ കിടന്ന കുടിശ്ശിക ഫയലുകളിൽ അന്തിമ തീർപ്പു കൽപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂ കമ്മീഷണറേറ്റിൽ ഒരു പ്രത്യേക ഭരണ സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ കളക്ടറേറ്റുകൾ, താലൂക്കാഫീസുകൾ, വില്ലേജാഫീസുകൾ എന്നിവിടങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം ത്വരിതഗതിയിൽ നടന്നുവരുന്നു. സംസ്ഥാനത്തെ റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് ഘട്ടംഘട്ടമായി ദീർഘവും ഹ്രസ്വവുമായ പരിശീലനം ലാന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നൽകിവരുന്നു.

(ബി) താലൂക്ക് ഓഫീസുകളിൽ ഒരു തഹസീൽദാരെയും രണ്ട് ഡെപ്യൂട്ടി തഹസീൽദാരെയും രണ്ട് ക്ലാർക്ക്, ഒരു ടൈപ്പിസ്റ്റ്, മൂന്ന് പ്യൂൺ തുടങ്ങി അധിക ജീവനക്കാരെയും നിയമിച്ചതുകൊണ്ട് പൊതുജനങ്ങളുടെ പരാതികളിലും മറ്റു ഫയലുകളിലും കാലതാമസം ഒരു പരിധിവരെ ഒഴിവായിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ലഭിക്കുന്ന പരാതികളിൽ തീരുമാനമെടുക്കാൻ ജില്ലാടിസ്ഥാനത്തിൽ പരാതി പരിഹാര സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ കളക്ടറേറ്റുകളിലും ഈയാവശ്യത്തിലേയ്ക്കായി പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരള ഭരണപരിഷ്കാര കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് തയ്യാറാക്കിയ സിറ്റിസൺസ് ചാർട്ട് എല്ലാ കളക്ടറേറ്റ്, ആർ. ഡി. ഒ. ഓഫീസ്, താലൂക്കാഫീസ്, വില്ലേജാഫീസ് എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കുകയും, ലഭിക്കുന്ന പരാതികൾ സത്വരമായി പരിഗണിക്കുകയും പരാതികൾക്ക് പറ്റ് ശീട്ട് നൽകുകയും സമയബന്ധിതമായി പരിഹരിക്കുകയും ചെയ്യണമെന്ന് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly